സീതത്തോട്-തിരുവനന്തപുരം ബസ് സർവ്വീസ്

334. [419] ശ്രീമതി റെയ്ച്ചൽ സണ്ണിപനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട സീതത്തോടുനിന്നും തിരുവനന്തപുരത്തേക്ക് നടത്തിയിരുന്ന ബസ് സർവ്വീസ് ഇപ്പോൾ നടത്തുന്നില്ല എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വീസ് ഓപ്പറേറ് ചെയ്തിരുന്ന തിരുവനന്തപുരം ഡിപ്പോയിൽ നിന്ന് പത്തനംതിട്ട ഡിപ്പോയിലേക്ക് മാറ്റാനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട സബ് ഡിപ്പോ ഡിപ്പോയായി ഉയർത്തിയപ്പോൾ സീതത്തോട്-തിരുവനന്തപുരം സർവ്വീസ് കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് പത്തനംതിട്ട ഡിപ്പോയിലേക്ക് മാറ്റുകയാണുണ്ടായത്.

(സി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് മുടക്കം കൂടാതെ ഓടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഏലപ്പാറ-കന്യാകുമാരി അന്തർ സംസ്ഥാന ബസ് സർവ്വീസ്

335. [423] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏലപ്പാറ-കന്യാകുമാരി അന്തർ സംസ്ഥാന ബസ് സർവ്വീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

കേരളവും തമിഴ്നാടും തമ്മിൽ ഉടനടി ഒപ്പുവയ്ക്കാൻ പോവുന്ന അന്തർ സംസ്ഥാന ഉപകരാറിൽ ഏലപ്പാറ-കന്യാകുമാരി സർവ്വീസ്, ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ചിറ്റാർ–കൊല്ലം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

336. [425] ശ്രീമതി റെയ്ച്ചൽ സണ്ണിപനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട ചിറ്റാറിൽ നിന്ന് കൊല്ലത്തേക്കുള്ള കെ. എസ്. ആർ. ടി. സി. ഫാസ്റ്റുപാസഞ്ചർ സർവ്വീസ് കൃത്യമായി നടത്തുന്നില്ല എന്നുള്ളകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണമെന്ത് ;

(സി) ഈ സർവ്വീസ് കൃത്യമായി നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly